## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1754 22.03.2012 -ൽ മറുപടിയ്ക്ക്

### ആഭ്യന്തര സുരക്ഷയെ ബാധിക്കുന്നതായ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഇ. ചന്ദ്രശേഖരൻ : | ശ്രീ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത്, തീവ്രവാദബന്ധമുള്ളതും അഭ്യന്തരസുരക്ഷയെ ബാധിക്കുന്നതുമായ കേസുകൾ അന്വേഷിക്കുന്നതിനുള്ള സംവിധാനം എപ്പോഴാണ് ഏർപ്പെടുത്തിയതെന്ന് അറിയിക്കാമോ ; | എ) ഇത്തരം കേസുകൾ അന്വേഷിക്കുന്നതിന് Internal Security Investigation Team രൂപീകരിച്ച് 17.07.2010 – ലാണ് സർക്കാർ ഉത്തരവായത്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഘടന എന്താണെന്നും എത്ര ടീമുകൾ ഉണ്ടെന്നും എത്ര ഉദ്യോഗസ്ഥർ ഇതിലുണ്ടെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും അറിയിക്കാമോ ; | ബി) സംസ്ഥാനത്ത് തീവ്രവാദ കേസുകൾ അന്വേഷിക്കുന്നതിനായി രൂപീകരിച്ച Internal Security Investigation Team (ISIT) ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇന്റലിജൻസ് വിഭാഗം മേധാവി കേസന്വേഷണത്തിന് ഉതകുന്ന രഹസ്യ വിവരങ്ങൾ ടീമിന് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന് ഒരു പോലീസ് സൂപ്രണ്ടും, രണ്ട് ഡി.വൈ.എസ്.പി.മാരും, രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരും, രണ്ട് സബ് ഇൻസ്പെക്ടർമാരും, രണ്ട് ഹെഡ് കോൺസ്റ്റബിൾമാരും ആണ് അനുവദിച്ചിരിക്കുന്നത്. ISIT -ക്ക് കൊച്ചിയിലും, കോഴിക്കോട്ടും, തിരുവനന്തപുരത്തും ഓഫീസുകൾ ഉണ്ട്. പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ ഒരു സബ് ഇൻസ്പെക്ടറുടെ ഒഴിവ് നിലവിലുണ്ട്. |
| സി) പ്രസ്തുത അന്വേഷണ സംഘം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ അന്വേഷണം നടക്കുന്നുണ്ടെന്നും എത്ര എണ്ണത്തിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും അറിയിക്കാമോ ; | സി) ഇതുവരെ 16 കേസുകൾ ഇൻവെസ്റ്റിഗേഷനായി ഈ അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. അതിൽ ഒരു കേസിൽ കുറ്റപത്രം സമർപ്പിച്ചു.15 കേസുകളിൽ അന്വേഷണം നടന്നു വരുന്നു. |
| ഡി) കാസർകോട് ജില്ലയിലെ തീരദേശമേഖലയിൽ തീവ്രവാദപ്രവർത്തനം നടക്കുന്നുണ്ടെന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരദേശത്ത് പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ? | ഡി) ഇല്ല. തീവ്രവാദബന്ധമുള്ള കേസുകൾ അന്വേഷിക്കുന്നതിനായി ഇപ്പോൾ Internal Security Investigation Team (ISIT) ടീം നിലവിലുള്ളതിനാൽ തീരദേശത്ത് മറ്റൊരു അന്വേഷണ സംഘം രൂപീകരിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ